(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20 ശതമാനം ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി.

(സി) വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി. ബാക്കിയുള്ള വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) ബോണസ്, വേതന വർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമാകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തോട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി

288 (977) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കശുവണ്ടി, ബീഡി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിൽനിന്നും വിരമിച്ചവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ നൽകിക്കൊണ്ടിരിക്കുന്നത്. വിശദമാക്കാമോ;

(ഡി) ഇവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ അവശതാ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്വയം വിരമിക്കുന്നവർക്ക് എക്സ്ഗ്രേഷ്യയായി പരമാവധി 5000 രൂപയും അവശതാ പെൻഷനായി പ്രതിമാസം 600 രൂപയും നൽകുന്നു. സൂപ്പറാനുവേഷനായി

LIBRARY ARCHIVES Kerala Legislative Assembly

വിരമിക്കുന്നവർക്ക് പ്രതിമാസം 600 രൂപയും നൽകുന്നു. പെൻഷനായവർ മരണമടഞ്ഞാൽ ശവസംസ്കാര സാമ്പത്തിക സഹായമായി 1000 രൂപ നൽകുന്നു. പെൻഷണർ മരണമടഞ്ഞാൽ അനന്തരാവകാശിക്ക് പെൻഷൻ കുടിശ്ശിക നൽകുന്നു. ബീഡി തൊഴിലാളികൾക്ക് സൂപ്പറാനുവേഷൻ പെൻഷനായി 600 രൂപ പ്രതിമാസം നൽകുന്നുണ്ട്. പെൻഷണർ മരണമടഞ്ഞാൽ അനന്തരാവകാശിക്ക് പെൻഷൻ കുടിശ്ശിക നൽകുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

തൊഴിലാളി ക്ഷേമനിധി ബോർഡ്

289 (978) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധിയിലേക്ക് തൊഴിലാളികളിൽനിന്നും തൊഴിൽ ഉടമകളിൽനിന്നുമുള്ള ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഡിറ്റുകളും കണക്കുകളും സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കുന്നുണ്ട്. ബോർഡിൽ ഇന്റേണൽ ഓഡിറ്റും നടത്തുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പരിശോധനാ വിഭാഗം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഫീസുകളിലും പരിശോധന നടത്തുന്നുണ്ട്.

ഒറ്റപ്പാലം ഐ.ടി.ഐ.

290 (979) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly